പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3039

20/6/2014 ൽ
മറുപടിക്ക്

# കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ സമഗ്ര വികസനം

ചോദ്യം

ശ്രീ. എം.ഹംസ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും, ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടിയിലുള്ള കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ സമഗ്ര വികസനത്തിനായി 1.6.2006 മുതൽ 31.6.2011 വരെയുള്ള കാലയളവിൽ എത്ര തുക അനുവദിച്ചു; എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി ;

(എ) സ്മാരകത്തിന്റെ സമഗ്ര വികസനത്തിനായി 2006 ജൂൺ മുതൽ 2011 ജൂൺ വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2006 - 07 | - 1,65,000/- രൂപ |
| 2007 - 08 | - 1,35,000/- രൂപ |
| 2008 - 09 | - 21,25,000/- രൂപ |
| 2009 - 10 | - 1,75,000/- രൂപ |
| 2010 - 11 | - 13,25,000/- രൂപ |

കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ തുള്ളൽ, മൃദംഗം, മോഹിനിയാട്ടം, കർണ്ണാടക സംഗീതം എന്നീ കലാവിഷയങ്ങളിൽ ത്രിവത്സര പാർട്ട് ടൈം കോഴ്സുകൾ നടത്തി വരുന്നു. മൂന്നാം വർഷം കേരള കലാമണ്ഡലം നേരിട്ട് പരീക്ഷ നടത്തി കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകുന്നു. 4 കലാവിഷയങ്ങളിലുമായി 200 ഓളം കുട്ടികൾ പഠിക്കുകയും 8 അദ്ധ്യാപകർ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കുഞ്ചൻ സ്മാരകത്തിന്റെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഓരോന്നിന്റെയും വിശദാംശം നൽകുമോ ?

(ബി) ഈ സർക്കാർ വന്നതിന് ശേഷം നാളിതുവരെയായി സ്മാരകത്തിന് 44,99,000/ രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, തുള്ളൽ സ്കോളർഷിപ്പ്, കുഞ്ചൻദിനം, മറ്റ് ദൈനംദിന ചെലവുകൾ എന്നിവ നടത്തി. സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ച 3 ലക്ഷം രൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമ്മിച്ചു. ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് അനുവദിച്ച 10 ലക്ഷം രൂപക്കുള്ള പ്രവർത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

സെക്ഷൻ ഓഫീസർ